HON'BLE MR. T. M. VARGHESE : ഡിവിഡൻറ് വാങ്ങിക്കാൻ ആരും ഇല്ലാത്തതുകൊണ്ട് കൊടുത്തിട്ടില്ല.

MR. K. R. ELANKATH : അങ്ങിനെയാണെങ്കിൽ ഫാക്ടറിയുടെ ഇൻവെസ്റ്റ്മെൻറ് മുഴുവനും ഗവണ്മെൻറ് പണം ആയിരിക്കണമല്ലോ?

HON'BLE MR. T. M. VARGHESE : അതു് മുഴുവനും ഗവണ്മെൻറ് പണമാണ്.

MR. K. A. MOHAMMED : ഫാക്ടറിയിൽ നിന്നും എന്തു ലാഭം കിട്ടിയിട്ടുണ്ടെന്നു പ്രസ്താവിക്കാമോ?

HON'BLE MR. T. M. VARGHESE : രണ്ടുലക്ഷത്തിൽ ചില്വാനം രൂപാ ലാഭം കിട്ടിയിട്ടുണ്ട്. ശരിയായി ജോലി നടത്താമെങ്കിൽ അടുത്തു തന്നെ ഒരു വലിയ തുക ലാഭം ഉണ്ടാകുമെന്നു നമുക്ക് പ്രതീക്ഷിക്കാം.

ഇംഗ്ലീഷ് സ്കൂളുകളിലെ പൌരസ്ത്യഭാഷാദ്ധ്യാപകന്മാർ.

404. MR. ABDUL MAJEED (*Chirayinkil III—Muslim*) : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ?

ഇംഗ്ലീഷ് സ്കൂളുകളിൽ പൌരസ്ത്യഭാഷാദ്ധ്യാപകന്മാർക്കു പരീക്ഷായോഗ്യതയുടെപേരിൽ വിവിധശമ്പളസ്കെയിലുകൾ നൽകപ്പെട്ടുന്നതിന്റെ അനൌചിത്യം ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : പൌരസ്ത്യഭാഷയിൽ വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള അദ്ധ്യാപകന്മാക്ക് വിവിധസ്കെയിലുകളിൽ അവരുടെ പരീക്ഷായോഗ്യത അനുസരിച്ചു പ്രോൽസാഹനം കൊടുക്കുന്നു എന്നുള്ളതിനെപ്പറ്റി പരാതികൾ ഉണ്ടായിട്ടില്ല. എങ്കിലും അതിനെപ്പറ്റി അധികൃതമായിട്ട് എന്തെങ്കിലും ഭേദഗതി ചെയ്യുന്ന കാര്യം ആലോചിക്കാം.

MR. ABDUL MAJEED : ഗവണ്മെൻറിനു് ആ അനൌചിത്യത്തെപ്പറ്റി ഇപ്പോൾ ആലോചിക്കണമെന്ന് അഭിപ്രായം ഇല്ലേ?

HON'BLE MR. T. M. VARGHESE : അതു് അനൌചിത്യമാണോ അല്ലയോ എന്നാലോചിക്കുന്നതു് ഇപ്പോൾ വിഹിതമായിരിക്കുമെന്നു് വിചാരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly